POLICE DEPARTMENT

KERALA

**No.K10-60310/2014/PHQ**

പോലീസ് ഹെഡ്ക്വാട്ടേഴ്സ്, തിരുവനന്തപുരം

തീയതി. 08-01-2015

**സർക്കുലർ No. ~~/2014~~** 2/2015

വിഷയം : എസ്സ്.സി/എസ്സ്.റ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണത്തിലും തുടർ നടപടികളിലും അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.-

സൂചന : പി.എച്ച്.ക്യൂ. സർക്കുലർ നമ്പർ 16/14, തീയതി 06/07/2014-ന്റെ തുടർച്ച.

സൂചനയിലെ സർക്കുലർ പ്രകാരം എസ്.സി/എസ്.റ്റി (അതിക്രമം തടയൽ) നിയമ പ്രകാരം റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിൽ സ്വീകരിക്കേണ്ട നിർദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻറെ തുടർച്ചയായി ചുവടെ ചേർക്കുന്ന നിർദേശങ്ങളും കർശനമായി പാലിക്കുന്നതിനു എല്ലാ ജില്ലാ പോലീസ് മേധാവികളും അന്വേഷണ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. പരാതിയുമായി വരുന്ന എസ്സ്.സി./എസ്സ്.റ്റി വിഭാഗക്കാരോട് മാന്യമായി പെരുമാറേണ്ടതാണ്.
2. പരാതിയുമായി വരുന്ന എസ്സ്.സി./എസ്സ്.റ്റി വിഭാഗക്കാർക്ക് ഇരിപ്പിടം നൽകേണ്ടതാണ്.
3. എഴുതാനറിയാത്ത എസ്സ്.സി./എസ്സ്.റ്റി വിഭാഗക്കാരുടെ പരാതി സ്റ്റേഷനിൽ രേഖപ്പെടുത്തി തുടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്.
4. എസ്സ്.സി./എസ്സ്.റ്റി വിഭാഗക്കാരുടെ ധാരാളം പരാതികൾ ഒത്ത് തീർപ്പ് പ്രകാരം തീർപ്പ് കല്പിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഒഴിവാക്കേണ്ടതാണ്.
5. ബലാത്സംഗം, ആക്രമണത്തിൽ മരണപ്പെടുക എന്നീ കേസുകളിൽ സ്ഥലം ഡി.വൈ.എസ്.പി. സ്ഥലത്ത് ചെന്ന് spot Inspection (റൂൾ 6 പ്രകാരം) നടത്തി SC/ST (F) വകുപ്പിനു റിപ്പോർട്ട് നൽകേണ്ടതാണ്.
6. എസ്സ്.സി./എസ്സ്.റ്റി വിഭാഗക്കാർക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കേണ്ടതാണ്.
7. എസ്സ്.സി/എസ്സ്.റ്റി വിഭാഗക്കാരുടെ പരാതിയിൽ സ്റ്റേഷൻ ഹൌസ് ഓഫീസർ കേസ് ചാർജ്ജ് ചെയ്ത് അന്വേഷണം നടത്തി SC/ST (POA) Act അനുസരിച്ചുള്ള കുറ്റം നടന്നതായി തെളിഞ്ഞാൽ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് തുടരന്വേഷണം ഡി.വൈ.എസ്.പി.യെ ഏല്പിക്കേണ്ടതാണ്.
8. ഖണ്ഡിക 7 ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാത്ത സ്റ്റേഷൻ ഹൌസ് ഓഫീസർമാർക്കെതിരെ റൂൾ 4 പ്രകാരം നടപടി സ്വീകരിക്കുന്നതായിരിക്കും.

ബാലസുബ്രമണ്യൻ കെ എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ സോണൽ എ.ഡി.ജി.പി/റേഞ്ച് ഇൻസ്പെക്ടർ ജനറൽ/ജില്ലാ പോലീസ് മേധാവികൾക്കും

പകർപ്പ് : എല്ലാ ഡി.സി.ആർ.ബി/എസ്.എം.എസ് ഡി.വൈ.എസ്.പി മാർക്കും അനന്തരനടപടികൾ സ്വീകരിക്കുന്നതിലേക്കായി

K10-60310/2014/PHQ

9bdd75